**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3** — **10-06-2024 - ൽ മറുപടിയ്ക്ക്**

**പരാതി പരിഹാര സെൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേക്ക് അയക്കുന്ന അപേക്ഷകളിൽ യഥാസമയം തീർപ്പുകൽപ്പിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതികൾ തീർപ്പാക്കാൻ നിശ്ചയിച്ചിട്ടുള്ള കാലപരിധി 15 ദിവസമാണ്. പരാതികൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് കാലപരിധി കഴിഞ്ഞ പരാതികൾ സംബന്ധിച്ച് ഫോൺ മുഖേനയും, പോർട്ടൽ മുഖേനയും മുന്നറിയിപ്പുകളും സന്ദേശങ്ങളും നൽകുന്നുണ്ട്. പരാതി തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുവെന്ന് ടോൾ ഫ്രീ നമ്പറിലൂടെയോ തുടർപരാതിയിലൂടെയോ അറിയിക്കുന്ന കേസുകളിൽ പ്രത്യേക പരിഗണന നൽകി പരാതികൾ തീർപ്പാക്കുന്നുണ്ട്. |
| (ബി) | പരാതികളിൽ തീർപ്പുകൽപ്പിക്കാൻ കാലതാമസം നേരിടുന്ന പക്ഷം എം എൽ എ മാർ മുഖേന നൽകുന്ന പരാതികളിൽ പോലും ഇടക്കാല മറുപടികൾ സമയബന്ധിതമായി നൽകുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മറുപടികൾ കൃത്യമായി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എം.എൽ.എ.മാർ ആമുഖ കത്ത് സഹിതം നൽകുന്ന എല്ലാ കത്തുകൾക്കും പരാതികൾക്കും കൃത്യമായി മറുപടി നൽകുന്നുണ്ട്. പരാതികൾ തീർപ്പാക്കുന്ന വേളയിൽ ജനപ്രതിനിധികൾക്ക് വ്യക്തമായ മറുപടി നൽകണമെന്ന് എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും വകുപ്പ് മേധാവികൾക്കും മറ്റ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സി.എം.ഒ. പോർട്ടൽ ജി 3240300972 നമ്പർ പ്രകാരം സമർപ്പിച്ച ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച മറുപടി ഇതുവരെ ലഭ്യമായിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കാമോ; 23.03.2024 ലെ കെ2/37/2024 പൊ.വി.വ. നമ്പർ കത്തിലൂടെ ഒരാഴ്ചക്കുള്ളിൽ മറുപടി സർക്കാരിൽ ലഭ്യമാക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടും നാളിതുവരെ മറുപടി നൽകാൻ കാലതാമസം നേരിട്ടതിന് കാരണം വിശദമാക്കാമോ; പ്രസ്തുത പരാതിക്ക് അടിയന്തരമായി പരിഹാരം കണ്ടെത്തി മറുപടി ലഭ്യമാക്കുമോ? | (സി) | മലപ്പുറം ഉപവിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ.ഉബൈദുള്ള എം.എൽ.എ. നൽകിയ കത്ത്, പോർട്ടലിൽ ജി3240300972 ഡോക്കറ്റ് നമ്പർ പ്രകാരം രജിസ്റ്റർ ചെയ്യുകയും, 12.03.2024-ൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ